ത്തിൽ വിൽക്കുന്നതിനോ, ഉള്ള ഏതെങ്കിലും പദ്ധതി രൂപീകരിക്കുന്നതിനു ഗവണ്മെൻറിൽ നിന്നും തീരുമാനിച്ചിട്ടുണ്ടോ? ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തു?

(സി) അടുത്ത കൃഷിക്കു പ്രയോജനപ്പെടത്തക്കവണ്ണം സ്വകയ്യുമുള്ള പാടങ്ങളിലേക്കു ട്രിഫെയിസ് ലൈയിൻ നീട്ടി അവിടെയുള്ള കൃഷിക്കാർക്ക് ആവശ്യമുള്ള ഇലക്ട്രിസിറ്റി നൽകുന്നതിനു വേണ്ട ഏർപ്പാടുകൾ ചെയ്യുന്നതിന് ഭയവുണ്ടാകുമോ?

HON'BLE MR. A' ATCHUTHAN : (എ) ഉണ്ട്.

(ബി) വാടകയ്ക്കു കൊടുക്കുന്നതിനു വേണ്ടി എത്രാനും എൻജിനുകളും പമ്പുകളും കൃഷിഡിപ്പാർട്ടുമെൻറിൽ ഉണ്ട്. അവ ഡിപ്പാർട്ടുമെൻറിലെ വ്യവസ്ഥകളനുസരിച്ച് കൃഷിക്കാർക്ക് കൊടുക്കുന്നതാണ്.

(സി) ലൈൻ നീട്ടാൻ സ്വകയ്യുമുള്ള സ്ഥലങ്ങളിലെല്ലാം വേണ്ട ഏർപ്പാടുകൾ ചെയ്യുന്നതാണ്.

MR P. K. KUMARAN ASARI : മഴക്കാലങ്ങളിലും മറ്റും കായലിൽ മടവീഴുന്ന അവസരത്തിൽ എൻജിനൊന്നും കിട്ടാതെ ഇരിക്കുന്നു എന്ന സംഗതി ഗവണ്മെൻറിനറിയാമോ?

HON'BLE MR. K. M. KORAH : അങ്ങനെയും വന്നേക്കാം.

Government Investments.

403. MR. K. A. MUHAMMED : Will the Honourable Minister for Indn stries be pleased to state

(a) the investment of Government in the plywood Factory at Punaloor : and

(b) the invesetment of Government in the Vanchi Clay mines at Chathanoor?

HON'BLE MR. T. M. VARGHESE : (എ) പ്ലൈവുഡ് ഫാക്ടറിക്കു മുടക്കു മൂലധനം ഏകദേശം രൂപാ.

(ബി) ഗവൺമെൻറ് രൂപാ൯ അണ്ടർ ടൈപ്പ്.

MR. K. A. MOHAMMED : പ്ലൈവുഡ് ഫാക്ടറിയിൽ ഇപ്പോൾ ജോലി നടക്കുന്നുണ്ടോ?

HON'BLE MR. T. M. VARGHESE : ഇപ്പോൾ ജോലി നടത്താൻ സാധിക്കാതെയാണിരിക്കുന്നത്.

MR. T. A. ABDULLA : ഈ ഫാക്ടറിയിൽ നിന്നും കിട്ടിയിട്ടുള്ള ആദ്യത്തിന്റെ ഡിവിഡൻറ് വിതരണം ചെയ്തിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. T. M. VARGHESE : ഡിവിഡൻറ് വാങ്ങിക്കാൻ ആരും ഇല്ലാത്തതുകൊണ്ട് കൊടുത്തിട്ടില്ല.

MR. K. R. ELANKATH : അങ്ങിനെയാണെങ്കിൽ ഫാക്ടറിയുടെ ഇൻവെസ്റ്റ്മെൻറ് മുഴുവനും ഗവണ്മെൻറ് പണം ആയിരിക്കണമല്ലോ?

HON'BLE MR. T. M. VARGHESE : അതു് മുഴുവനും ഗവണ്മെൻറ് പണമാണ്.

MR. K. A. MOHAMMED : ഫാക്ടറിയിൽ നിന്നും എന്തു ലാഭം കിട്ടിയിട്ടുണ്ടെന്നു പ്രസ്താവിക്കാമോ?

HON'BLE MR. T. M. VARGHESE : രണ്ടുലക്ഷത്തിൽ ചില്വാനം രൂപാ ലാഭം കിട്ടിയിട്ടുണ്ട്. ശരിയായി ജോലി നടത്താമെങ്കിൽ അതിനേക്കാൾ ഒരു വലിയ തുക ലാഭം ഉണ്ടാകുമെന്നു നമുക്ക് പ്രതീക്ഷിക്കാം.

ഇംഗ്ലീഷ് സ്കൂളുകളിലെ പൌരസ്ത്യഭാഷാദ്ധ്യാപകന്മാർ.

404. MR. ABDUL MAJEED (*Chirayinkil III—Muslim*) : താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ?

ഇംഗ്ലീഷ് സ്കൂളുകളിൽ പൌരസ്ത്യഭാഷാദ്ധ്യാപകന്മാർക്കു പരീക്ഷായോഗ്യതയുടെപേരിൽ വിവിധശമ്പളസ്കെയിലുകൾ നൽകപ്പെട്ടുന്നതിന്റെ അനൌചിത്യം ഗവണ്മെൻറിനു ബോദ്ധ്യപ്പെട്ടിട്ടുണ്ടോ?

HON'BLE MR. T. M. VARGHESE : പൌരസ്ത്യഭാഷയിൽ വൈദഗ്ദ്ധ്യം സമ്പാദിച്ചിട്ടുള്ള അദ്ധ്യാപകന്മാക്ക് വിവിധസ്കെയിലുകളിൽ അവരുടെ പരീക്ഷായോഗ്യത അനുസരിച്ചു പ്രോൽസാഹനം കൊടുക്കുന്നു എന്നുള്ളതിനെപ്പറ്റി പരാതികൾ ഉണ്ടായിട്ടില്ല. എങ്കിലും അതിനെപ്പറ്റി അധികൃതമായിട്ട് എന്തെങ്കിലും ഭേദഗതി ചെയ്യുന്ന കാര്യം ആലോചിക്കാം.

MR. ABDUL MAJEED : ഗവണ്മെൻറിനു് ആ അനൌചിത്യത്തെപ്പറ്റി ഇപ്പോൾ ആലോചിക്കണമെന്ന് അഭിപ്രായം ഇല്ലേ?

HON'BLE MR. T. M. VARGHESE : അതു് അനൌചിത്യമാണോ അല്ലയോ എന്നാലോചിക്കുന്നതു് ഇപ്പോൾ വിഹിതമായിരിക്കുമെന്നു് വിചാരിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly